പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ

142 (367) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പരപ്പനങ്ങാടി ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ ഭൂമി മണ്ണിട്ട് ഉയർത്തുന്നതിന്റേയും റീടെയിനിംഗ് വാൾ കെട്ടുന്നതിന്റെയും 70 ശതമാനം പണി പൂർത്തിയായിട്ടുണ്ട്.

(ബി) 110 കെ. വി. ഒളവട്ടൂർ-പരപ്പനങ്ങാടി ലൈനിന്റെ പണിയുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ ജോലി തടസ്സപ്പെട്ടിരിക്കുകയാണ്. വ്യവഹാരങ്ങൾ തീർന്നാലുടൻ നിർമ്മാണം പൂർത്തീകരിച്ച് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുവാൻ കഴിയും.

കാസർകോട് ജില്ലയിൽ വിദ്യുച്ഛക്തി പദ്ധതികൾ

143 (368) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ പണി നടന്നുവരുന്ന വിദ്യുച്ഛക്തി പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത ഓരോ പദ്ധതികളും എന്നേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാസർകോട് ജില്ലയിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. 20 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാസർകോട് പവർ കോർപ്പറേഷന്റെ ഡീസൽ താപനിലയം (സഹകാര്യമേഖലയിൽ സ്ഥാപിക്കുന്നത്.)

2. 107 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഡി.സി. പവർ ലിമിറ്റഡിന്റെ താപനിലയ (സഹകാര്യ മേഖലയിൽ സ്ഥാപിക്കുന്നത്)ത്തിന്റെ പ്രാരംഭ പ്രവർത്തനം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly